**കേരള കാർഷിക സർവ്വകലാശാല**
കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് & ടെക്നോളജി
തവനൂർ 679 573, മലപ്പുറം (ജില്ല), കേരളം
ഇ-മെയിൽ : kcaet@kau.in, ഫോൺ: 0494-2686215

നമ്പർ : ഐ.എഫ്/1171/2022 തിയതി : 10/10/2022

## ക്വട്ടേഷൻ/ലേലം നോട്ടീസ്

ഈ സ്ഥാപനത്തിലെ താഴെ കാണിച്ചിരിക്കുന്ന ഫാമിൽ കൂട്ടിയിട്ട ഡബ്ല്യു.സി.ടി. നാളികേരം ലേലം ചെയ്യുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ താഴേ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ച് കൊള്ളുന്നു. ആവശ്യമെങ്കിൽ അന്നേ ദിവസം തന്നെ ലേലവും നടത്തുന്നതായിരിക്കും.

| ലേലം ചെയ്യുന്ന ഇനം | എണ്ണം | നിരതദ്രവ്യം |
|---|---|---|
| ഡബ്ല്യു.സി.ടി. തേങ്ങ (ഒന്നാന്തരം) | 360 | 500 രൂപ |
| ഡബ്ല്യു.സി.ടി. തേങ്ങ (രണ്ടാന്തരം) | 900 | 500 രൂപ |

## സമയക്രമം

| | |
|---|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി | 19.10.2022, പകൽ 10.30 വരെ |
| ക്വട്ടേഷൻ തുറക്കുന്ന/ സ്വീകരിക്കുന്ന സമയം, സ്ഥലം | 11.30 മണി (അന്നേ ദിവസം തത്സമയം ഹാജരായവരുടെ സാന്നിധ്യത്തിൽ, ലേലത്തിനു ശേഷം), ഫാം ഓഫീസ് |

## വ്യവസ്ഥകൾ

1. ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് "ഡബ്ല്യു.സി.ടി. ഫാമിൽ കൂട്ടിയിട്ട ഡബ്ല്യു.സി.ടി. നാളികേരത്തിനുള്ള ക്വട്ടേഷൻ" എന്ന് വ്യക്തമായി എഴുതി പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, തവനൂർ എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
2. ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചയിച്ച നിരതദ്രവ്യം പണമായി കെട്ടിവെക്കേണ്ടതാണ്.
3. ക്വട്ടേഷൻ/ലേലം മേൽപ്പറഞ്ഞ തീയതിയിൽ തത്സമയം ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടിയ നിരക്ക് തൃപ്തികരമെന്ന് തോന്നുന്നപക്ഷം മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ഉറപ്പിക്കുന്നതുമാണ്.
4. ക്വട്ടേഷനുകൾ ഉറപ്പിക്കാത്തവരുടെ നിരതദ്രവ്യം, അപ്പോൾ തന്നെ തിരിച്ചു നൽകുന്നതായിരിക്കും.
5. ക്വട്ടേഷൻ/ലേലം സ്വീകരിച്ചു കഴിഞ്ഞാൽ, പ്രസ്തുത വ്യക്തി മൊത്തം ക്വട്ടേഷൻ തുകയുടെ മൂന്നിൽ ഒരു ഭാഗം ഉടൻ കെട്ടി വെക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം അടക്കേണ്ടതും ആണ്.
6. ക്വട്ടേഷൻ ഉറപ്പിച്ച വ്യക്തി ക്വട്ടേഷൻ ഉറപ്പിച്ച തിയതി മുതൽ 7 ദിവസത്തിനകം നാളികേരം കൊണ്ടു പോവേണ്ടതും, ഇല്ലാത്ത പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ സാധനങ്ങൾ പുനർലേലം ചെയ്യുന്നതിനും ക്വട്ടേഷൻ/ലേലക്കാരൻ അടച്ച തുക സർവകലാശാലക്ക് മുതൽ കൂട്ടാക്കുന്നതും ആണ്.
7. യാതൊരു കാരണവും കാണിക്കാതെ തന്നെ ക്വട്ടേഷൻ മാറ്റി വെക്കുന്നതിനോ, അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്
8. ലേലത്തിൽ വച്ചിരിക്കുന്ന മേൽ പറഞ്ഞ ഇനങ്ങൾ ഓഫീസ് സമയങ്ങളിൽ ഫാം ഓഫീസിൽ അനുവാദത്തോടു കൂടി പരിശോധിക്കാവുന്നതാണ്.
9. ക്വട്ടേഷൻ പ്രകാരം മേൽ ഇനങ്ങൾ അല്ലാതെ മറ്റു വസ്തുക്കൾ കൊണ്ടുപോകുന്നത് കുറ്റകരമായിരിക്കും. ലേലം കൊണ്ട സാധനങ്ങൾ നീക്കം ചെയ്യുമ്പോൾ സ്ഥാപനത്തിലെ മറ്റു വസ്തുവകകൾക്കു നഷ്ടം സംഭവിക്കുകയാണെങ്കിൽ പ്രസ്തുത വ്യക്തിയിൽ നിന്നും തുല്യ തുക ഈടാക്കുന്നതായിരിക്കും.
10. ക്വട്ടേഷൻ/ലേല നിബന്ധനകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യം കാർഷിക സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാക്കുന്നതായിരിക്കും.
11. നിശ്ചിത തിയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
12. സർക്കാർ ലേലത്തിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.

13. സാധനങ്ങൾ മുഴുവനായും നീക്കം ചെയ്തതിനു ശേഷം മാത്രമേ ലേലം കൊണ്ട വ്യക്തിക്ക് സുരക്ഷിത നിക്ഷേപം തിരിച്ചു ലഭിക്കുകയുള്ളൂ.
14. ലേലം സംബന്ധിച്ചുള്ള പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാമിന്റെ തീരുമാനം അന്തിമമായിരിക്കും.
15. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്, അല്ലാത്തവ നിരസിക്കുന്നതാണ്.

ഒപ്പ്/-
അബ്ദുൽ ജബ്ബാർ പി. കെ
പ്രൊഫസർ & ഹെഡ്

സ്വീകർത്താവ്,

1. പഞ്ചായത്ത് ഓഫീസ് (നോട്ടീസ് ബോർഡ്), തവനൂർ
2. വില്ലേജ് ഓഫീസ് (നോട്ടീസ് ബോർഡ്), തവനൂർ
3. കൃഷി ഭവൻ (നോട്ടീസ് ബോർഡ്), തവനൂർ
4. നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം)
5. നോട്ടീസ് ബോർഡ് (മെയിൻ ഗെയിറ്റ്)

പകർപ്പ്

ഫാം സൂപ്രണ്ട്/കാഷ്യർ/കെ.എ.യു, കെ.സി.എ.ഇ.ടി-വെബ്സൈറ്റ്.